കവിത

# കണ്ണുനീർ മുത്തുമായി മാവേലി...

## എ.സി. ജോർജ്ജ്

(കേരളത്തിലെ ജലപ്രളയ മഹാദുരന്തത്തേയും സമാഗതമായ ഓണക്കാല മാവേലിമന്നനേയും പശ്ചാത്തലമാക്കിയുള്ളതാണീ കവിത. ഇതിലെ ചുരുക്കം ചില വരികൾക്കും ഈണങ്ങൾക്കും പ്രചുര പ്രചാരത്തിലുള്ള പാടിപ്പതിഞ്ഞ ചില കവിതാശകലങ്ങളോട് സാമ്യവും കടപ്പാടുമുണ്ട്.)

പരശുരാമൻ മഴുവെറിഞ്ഞ് വെള്ളത്തിൽ...
വീണ്ടെടുത്ത മോഹന രമണീയ കേരളം...
വീണ്ടും അഗാധമാം നീർക്കയത്തിലേക്കോ....
തുള്ളിക്കൊരുകുടം നിർത്താതെ പെയ്യും പേമാരി...
കരകവിഞ്ഞ് വഴിപിരിഞ്ഞൊഴുകും ആറുകൾ...
വീർപ്പുമുട്ടി മെത്തിയൊഴുകും അണക്കെട്ടുകൾ...
പ്രളയകുത്തൊഴുക്കിൽ..നിലംപൊത്തും...
വീടുകൾ രമ്യഹർമ്യമാം മേടകൾ മന്ദിരങ്ങൾ...
കടപുഴകി നിലംപൊത്തിവീഴും വൃക്ഷലതാദികൾ...
റോഡുകൾ....തോടുകൾ...പുഴകൾ..ഒന്നായ് ഒഴുകി...
എവിടെ തിരിഞ്ഞൊന്നു...നോക്കിയാലും....
അവിടെല്ലാം ഒഴുകും...ജലാശയങ്ങൾ മാത്രം....
ജലസാഗരത്തിലെങ്കിലും..കുടിവെള്ളമില്ല...താനും...
പെരിയാറെന്ന പർവ്വതനിരയുടെ പനിനീരിന്ന്....
കുലംകുത്തിയൊഴുകും ഗർജിക്കും..താടക..തടാകമായ്...
കണ്ണീരും കൈയ്യുമായ് ഹൃദയം തകർന്ന കേരളം...
കണ്ണീരുതൂകി വിങ്ങിപ്പൊട്ടും കേരളാംബ.....
കണ്ണീർകയത്തിൽ നീരാടും..കേരളമക്കൾ...
ഓണക്കാലമിന്ന്... നാടു കാണാനെത്തും....
കണ്ണീരും..കൈയ്യുമായ്...ഓണനാളിൽ മാവേലി....
പ്രജാവത്സലനാം..പൂജ്യനാം..മാവേലിത്തമ്പുരാൻ....
അന്നും ഇന്നും..നിൽക്കുന്നു..തൻ പ്രജകൾക്കൊപ്പം...
ഉത്സവ താള മേളങ്ങളില്ലാത്തൊരോണം...
കാണം വിറ്റും ഓണ ഊണില്ലാത്ത നാൾ....
കാണം പോലും ഒഴുക്കിൽ പോയ്.. പോയ..നാൾ...
പ്രളയ കണ്ണീരിലും മാവേലി തൻ സ്നേഹ സന്ദേശം....
മാനവ ഹൃത്തടങ്ങൾ നെഞ്ചോട് നെഞ്ച്...മെയ്യോട് മെയ്യ്...
ഉള്ളവനും ഇല്ലാത്തവനും ജാതിമതഭേദമെന്യേ...
ഒരേ ഷെൽട്ടറിൽ....ഒരേപന്തിയിൽ....ഭോജനം...
പ്രളയദുരിതത്തിലെങ്കിലും ബോദ്ധ്യമാം... സത്യം...
കുബേര...കുചേല..വ്യത്യാസമില്ലാ...പ്രളയനാളിൽ...
മാവേലി... മാനുഷ്യരെല്ലാം...ഒന്നുപോലെ....
കണ്ണുനീർമുത്തുമായ്.... കാണാനെത്തിയ....
മാവേലിത്തമ്പുരാൻ.... പ്രളയക്കെടുതിയിൽ....
അതിജീവനത്തിൽ.... കൈതാങ്ങായി....
കാരുണ്യ...സ്നേഹസ്പർശങ്ങളാൽ.... തലോടും...
പ്രജകളെ... മാറോടണക്കും പ്രജാവത്സലൻ...
ആരെല്ലാം.... ചവിട്ടി.. താഴ്ത്തിയാലും...
ഏതു ഞണ്ടുകൾ കാലിൽ വലിച്ചിട്ടാലും...
ഉയിർക്കും..നമ്മൾ...വത്സല..മക്കളെ...
പടരും..നമ്മൾ..നാടാകെ..വത്സല..മക്കളെ...
കൈകൾ കോർക്കാം.. ഒരുമയുടെ കാഹളം..മുഴക്കാം...
പ്രളയദുരിതക്കയത്തിൽ നിന്ന്...കരകേറാം...

ഹൃദയകവാടങ്ങൾ തുറന്നീ..കേരളഭൂമിയിൽ...
വിജയഭേരിയാം...വിയർപ്പിൽ...അദ്ധ്വാനത്തിൽ...
മനുഷ്യ..ചങ്ങലകൾ തീർക്കാം.. കൈകോർക്കാം...
മാവേലിസന്ദേശങ്ങളാം...ആശാകിരണങ്ങൾ....
തേൻമഴയായ്...പൂമഴയായ്....പെയ്തിറങ്ങും....